# L.P.S. PEZHUMTHURUTH

Perumon PO Sub.Dist Kundara

## അക്കാദമിക മാസ്റ്റർപ്ലാൻ

2025 - 2026

L.P.S. Pezhumthuruthu * Perumon * Kollam
Date.........

Anithakumary

P. Anithakumary
Head Mistress
L.P.S. Pezhumthuruthu
PEN.No.497230

Scanned with CamScanner

# അടിസ്ഥാനവിവരങ്ങൾ.

വിദ്യാലയത്തിന്റെ പേര് : എൽ. പി. എസ്സ്. പേഴുംതുരുത്ത്

വിലാസം : പെരുമൺ. P.O
കൊല്ലം.
Pin : 691601

സ്കൂൾ കോഡ് : 41638

വിദ്യാഭ്യാസ ജില്ല : കൊല്ലം.

റവന്യൂ ജില്ല : കൊല്ലം.

ഉപജില്ല : കുണ്ടറ.

ബി. ആർ. സി. : കുണ്ടറ.

ബ്ലോക്ക് പഞ്ചായത്ത് : ചിറ്റുമല.

ജില്ലാ പഞ്ചായത്ത് : കൊല്ലം.

നിയമസഭാ മണ്ഡലം : കുന്നത്തൂർ.

ലോകസഭാ മണ്ഡലം : മാവേലിക്കര.

വില്ലേജ് : മൺറോതുരുത്ത്.

പഞ്ചായത്ത് : മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്.

Scanned with CamScanner

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

## ആമുഖം :-

മൺറോത്തുരുത്ത് പഞ്ചായത്തിലെ പേഴുംതുരുത്ത് ഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. നാലുഭാഗത്തും അഷ്ടമുടിക്കായലാൽ ചുറ്റപ്പെട്ടുകിടക്കുന്ന മനോഹരമായ തുരുത്ത് ആണ് ഈ പ്രദേശം. 1951 ജൂൺ 15-നാണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ഈ തുരുത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നേടുന്നതിനുള്ള ഏക ആശ്രയം ഈ സ്കൂൾ ആയിരുന്നു. വാഹന സൗകര്യം ഇല്ലാത്തതിനാൽ ഈ തുരുത്തിലെ കുട്ടികൾ എല്ലാം ഇവിടെത്തന്നെയാണ് പഠിച്ചിരുന്നത്.

ഇന്നാലിന്ന് വാഹന സൗകര്യം ഉള്ളതു-കൊണ്ടും സ്കൂളുകളുടെ ആധിക്യം കൊണ്ടും ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയാനിടയായി. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ നേരി-ടുന്ന ഒരു പ്രധാന പ്രശ്നം. കുട്ടികൾക്ക് പഠനത്തിനും പരിശീലന-ങ്ങൾക്കും വിനോദങ്ങൾക്കും ആവശ്യമായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതിന് സ്കൂളുകൾക്കുള്ള സാമ്പത്തിക കുറവാണ് പ്രധാന കാരണം.

മൂന്ന് മഹത്‌വ്യക്തികൾ സ്കൂളിനുവേണ്ടി വസ്തുദാനം ചെയ്യുകയും നാട്ടുകാരായ സുമനസ്സുകളുടെ സഹായത്താൽ സ്കൂൾ-കെട്ടിടം പണിയുകയും ചെയ്തു. വസ്തുദാനം ചെയ്തവരുടെ അഞ്ച് പ്രതിനിധികളും നാട്ടുകാരുടെ ആറ് പ്രതിനിധികളും ചേർന്നതാണ് സ്കൂൾ മാനേജിംഗ് കമ്മിറ്റി. 1994-ൽ സ്കൂളിനായി കുറച്ചു വസ്തു വിലയ്ക്കു വാങ്ങുകയും ചെയ്തു.

Scanned with CamScanner

ലക്ഷ്യം :-

അക്ഷരം, വാചകം, ഗണിതം, കളി, കല, ശുചിത്വം, വ്യായാമം, ആരോഗ്യം, സാമൂഹിക വീക്ഷണം, ഇംഗ്ലീഷ് ഭാഷയുടെ പ്രായോഗിക പരിശീലനം, സൗന്ദര്യവൽക്കരണം തുടങ്ങി കുട്ടികളുടെ സമഗ്ര പുരോഗതി ലക്ഷ്യമിടുന്നു.

ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവായ പഠന ആവശ്യകതകൾ, പഠനലക്ഷ്യങ്ങൾ ഇവ മുൻകൂട്ടി കണ്ടെത്തുന്നു. ഓരോ കുട്ടിയുടേയും സവിശേഷമായ പഠനശേഷികൾ, താൽപര്യങ്ങൾ, വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രോത്സാഹനവും പഠനപിന്തുണയും നൽകുന്നു. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ്, എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാകും. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നു. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത PTA കൾ ചേരും. ഒന്നാം ക്ലാസ്മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾ കാലാനുസൃതമായി വർക്ക്ഷീറ്റുകൾ ലഭ്യമാകും. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ

Scanned with CamScanner

വിദ്യാർഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക. മാലിന്യമുക്ത-വിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ. കൃഷി, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥിസംഘങ്ങൾ രൂപീകരിക്കൽ. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക, പോക്സോ സംബന്ധമായ ബോധവൽക്കരണം, രാസലഹരി, മൊബൈൽ-അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ എടുക്കുക. ജനാധിപത്യസംസ്കാരം വളർത്തിയെടുക്കുക. പ്രശ്നനിർധാരണ ശേഷി വികസിപ്പിക്കുക. സർഗാത്മകശേഷി വികാസത്തിനായി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുക. Talent lab പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക. വിദ്യാലയ പരിസരം ആകർഷകമാക്കുക. ആധുനിക സാങ്കേതിക വിദ്യയുടെ ആരോഗ്യകരമായ ഉപയോഗത്തിന് കുട്ടികളെ പ്രാപ്തരാക്കുക. വായനയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ്സ് റൂമിൽ വായനാമൂലകൾ സ്ഥാപിക്കുന്നു. നിരന്തരം അമ്മവായനയ്ക്കും അവസരം നൽകുന്നു. രചനകളിലേർപ്പെടു-ത്തേയും നാടിനേയും കുറിച്ച് കുട്ടികളെ അറിവുള്ളവരാക്കുന്നു. സ്വന്തം പരിസര സ്വന്തം നാട്ടിലെ പ്രതിഭകളുമായി സംവാദത്തിലേർപ്പെടാൻ അവസരം നൽകുന്നു. ദിനാചരണങ്ങളെക്കുറിച്ച് അറിവ് നേടാൻ അവസരം നൽകുന്നു. വാഹന നിയമങ്ങളെക്കുറിച്ചും റോഡിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. സ്വന്തം പരിസ്ഥിതിയുടെ സംരക്ഷണം ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന ബോധം കുട്ടികളിൽ ഉണ്ടാക്കുന്നു. ഭിന്നശേഷി സൗഹൃദപരമായ വിദ്യാലയാന്തരീക്ഷം ഉറപ്പുവരുത്തുക. ഭിന്നശേഷിക്കാർക്ക് കൈത്താങ്ങാകേണ്ടത് ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന് കുട്ടികൾക്ക് തിരിച്ചറിയാൻ സാധിക്കും വിധമുള്ള പ്രവർത്തനങ്ങൾക്ക് സ്കൂൾ വേദിയാകുന്നു.

Scanned with CamScanner

## വിദ്യാലയം മികവിന്റെ കേന്ദ്രം.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ 2025-26 അധ്യയന വർഷത്തിൽ നടപ്പിലാക്കുന്ന 'സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസവർഷം' പദ്ധതിയുടെ ഭാഗമായി ഞങ്ങളുടെ സ്കൂളും ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പ്. Ict. യിലൂടെയുള്ള പഠനത്തിന് ഒരേ സമയം നമ്മുടെ എല്ലാ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കുന്നില്ല. ക്ലാസ്സ്മുറികൾ ടൈലുകൾ പാകി ഭംഗിയാക്കുകയും മുറ്റം ഇന്റർലോക്ക് വിരിച്ച് മനോഹരമാക്കിയാൽ സ്കൂൾ കൂടുതൽ ആകർഷകമാക്കാൻ സാധിക്കും.

## അക്കാദമികം.

2024-25 അധ്യയന വർഷത്തിൽ കലാ-കായിക-ശാസ്ത്ര-സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ മികച്ച നിലവാരം പുലർത്താൻ സ്കൂളിന് കഴിഞ്ഞു. കുട്ടികളെ അക്കാദമികമായി മുന്നിലേക്ക് നയിക്കുന്നതിന് ഭാഷാപഠനം, ഇംഗ്ലീഷ് പഠനം, ഗണിതശേഷി ആർജ്ജിക്കൽ എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ കുട്ടികളും ഭാഷാപരമായി മുന്നിലെത്താനായി പ്രത്യേക പരിഗണന വേണ്ട കുട്ടിയ്ക്ക് പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്. ഊന്നൽ നൽകിയ പ്രവർത്തനങ്ങളുമായിട്ടാണ് ഓരോ ദിവസവും അധ്യയനം നടക്കുന്നത്. ഭാഷാപരമായ ശേഷികൾ (ലേഖനം, വായന) എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്നു. ഗണിതക്രിയകളിലും, പരിസരത്തെ അറിയുന്നതിനും ശാസ്ത്രാവബോധമുള്ളവരുമായ ഒരു തലമുറയെ രൂപപ്പെടുത്തുക, എന്നിവയൊക്കെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഓരോ വിദ്യാർത്ഥിയും അറിവിലും മനോഭാവത്തിലും പെരുമാറ്റത്തിലും നല്ല മികവുള്ളവരായിത്തീരുക. അങ്ങനെ നമ്മുടെ വിദ്യാലയം ഒരു മികവിന്റെ കേന്ദ്രമായി മാറും.

Scanned with CamScanner

അവസ്ഥാ വിശകലനം :-

കുട്ടികളുടെ എണ്ണം വളരെ കുറവാണ്. Std. I Std. IV ക്ലാസ്സുകളിൽ ഈ വർഷം കുട്ടികളില്ലാത്ത അവസ്ഥയാണ്.

അധ്യാപകർ - നിലവിലെ അവസ്ഥ.

5- Sanctioned post ആണ് ഇവിടെ നിലവിലുള്ളത്. 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ 2 അധ്യാപികമാർ Retire ചെയ്തു. പകരം നിയമനം നടന്നിട്ടില്ല. ഇപ്പോൾ 2 അധ്യാപകരാണ് ഈ സ്കൂളിൽ ഉള്ളത്. കൂടാതെ പ്രീപ്രൈമറി ടീച്ചറും പാചകത്തൊഴിലാളിയും ഉണ്ട്. കഴിഞ്ഞവർഷം അധ്യാപകർക്ക് ലഭിച്ച പരിശീലനങ്ങൾ ക്ലാസ്സ്മുറിയിലെ വിഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ അധ്യാപകരെ സഹായിച്ചു. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളെ മറ്റുകുട്ടികൾക്കൊപ്പം പഠനപ്രവർത്തനങ്ങളിൽ പങ്കാളിയാക്കാനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും അധ്യാപകരെ സഹായിച്ചു. ഇന്നത്തെ സമൂഹം IT അധിഷ്ഠിത പഠനത്തിനും ഇംഗ്ലീഷ് പഠനത്തിനും അതീവ പ്രാധാന്യം നൽകുന്നു. ഈ രംഗത്ത് അധ്യാപകർക്ക് ലഭിക്കുന്ന പരിശീലനക്കുറവ് ക്ലാസ്സ് മുറികളിലും പ്രതിഫലിക്കുന്നു.

സ്കൂളിന്റെ അക്കാദമിക മികവുകൾ.

ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളാണ് കൊടുക്കുന്നത്. ഇംഗ്ലീഷ് പഠനത്തിന് മുൻതൂക്കം കൊടുക്കുന്നു. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കൊടുക്കുന്നു. കലാകായിക മത്സരങ്ങൾ, ഡ്രോയിംഗ്, വിദ്യാരംഗം മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുത്ത് വിജയിച്ചിട്ടുണ്ട്.

ലക്ഷ്യങ്ങൾ

ഭാഷാവികസനം.

1) എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

Scanned with CamScanner

2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3) കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
4) സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6) ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
7) മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്:-

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കവസരമൊരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷി നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്സിലെ വായനാമൂല, സ്കൂൾ ലൈബ്രറി, എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മൊഡ്യൂളിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

Scanned with CamScanner

പരിസരപഠനം:—

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
2. ശാസ്ത്രത്തിന്റെ രീതി സായത്തമാക്കാനുള്ള അവസരം - ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ അറിയുക.

ഗണിതം:-

1. അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഉറപ്പാക്കുക.

പ്രവർത്തിപരിചയം:-

1) നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

Scanned with CamScanner

② പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3) ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

കലാപരിശീലനം.

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിനവസരമൊരുക്കുക.
4. ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

ആരോഗ്യകായികവിദ്യാഭ്യാസം.

① മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
② എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3) ആരോഗ്യശീലങ്ങൾ വളർത്തുക.
4) ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

---

Scanned with CamScanner

## സാമൂഹികാവബോധം,

1) ജനാധിപത്യ വേദികൾ ഒരുക്കുക.
2) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3) ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.
4) ദിനാചരണങ്ങൾ. ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## അക്കാദമിക് മോണിറ്ററിംഗ്.

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ്സ്മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ, എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബന്ധമാവരുത്, കുട്ടികളെ ആഴത്തിലുള്ള അറിവിലേയ്ക്കും കഴിവിലേയ്ക്കും നയിക്കുന്നതുമാകണം.

പ്രവർത്തന ലക്ഷ്യങ്ങൾ:- അധ്യാപകരുടെ ആസൂത്രണത്തിന്റേയും ക്ലാസ്സ്റൂം ഇടപെടലിന്റേയും ഗുണനിലവാരം വിലയിരുത്തുക. കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ. ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക. വിദ്യാലയതലത്തിലുള്ള കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുക.

## വികാസപ്രദ വിലയിരുത്തൽ.

വികാസപ്രദ വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രവും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണിത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയ വിനിമയം ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട് പോകുന്ന ശൈലി വളർത്തുന്നതാണ്

Scanned with CamScanner

...ാസ് പരമായ വിലയിരുത്തൽ.

പ്രവർത്തന ലക്ഷ്യങ്ങൾ:— പഠന പ്രവർത്തനത്തിൽ കുട്ടിയുടെ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ, എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക, തത്സമയത്തിൽ കുട്ടിയുടെ പഠനപുരോഗതി തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക. വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.

- പഠനപ്രക്രിയ വിലയിരുത്തൽ,
  - പ്രവർത്തന പങ്കാളിത്തം.
  - ആശയധാരണ.

- പ്രക്രിയാശേഷി വിലയിരുത്തൽ,
- പ്രകടനം / അവതരണം,
- രേഖപ്പെടുത്തൽ,
- വിലയിരുത്തൽ,
- പോർട്ട് ഫോളിയോ വിലയിരുത്തൽ.

## സമഗ്രപുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്രപുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ രേഖ ഓരോ ക്ലാസ്സിലും തുടർച്ചയായി പൂരിപ്പിക്കപ്പെടുകയും അടുത്ത ക്ലാസ്സിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

പ്രവർത്തന ലക്ഷ്യങ്ങൾ:—

കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക. ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക. പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപകരുടെ ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

Scanned with CamScanner

## പ്രവർത്തനഘട്ടങ്ങൾ.

രേഖയുടെ രൂപരേഖ തയ്യാറാക്കൽ.

### പ്രധാന മേഖലകൾ:-

വൈജ്ഞാനികം
വൈകാരികം
സാമൂഹികം
ശാരീരികം
മാനസികം
മൂല്യബോധം.
ആശയ വിനിമയ ക്ഷമത.
സഹപാഠികളുടെ ഇടപെടൽ

- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണയിക്കൽ.
- കാലാനുസൃതമായി രേഖപ്പെടുത്തൽ
- പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം.

### ഭാഷാപഠനം - ലക്ഷ്യങ്ങൾ:-

എല്ലാ കുട്ടികളെയും അർത്ഥപൂർണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക. എല്ലാ കുട്ടികളും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക. സാഹിത്യരചനകൾ പരിചയപ്പെടാനും ആസ്വദിക്കാനും കഴിയുക. സർഗാത്മക രചനകളുടെ അവസരം സൃഷ്ടിക്കുക. വ്യവഹാര രൂപങ്ങളിൽ മികവുള്ളവരാകുക. മികച്ച വായനക്കാരും രചയിതാക്കളുമായി മാറുക. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

Scanned with CamScanner

# പ്രവർത്തനപദ്ധതി. മലയാളം.

മേഖല - വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു. ഉള്ളടക്കത്തെക്കുറിച്ച് ചെറുവിവരണം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം. | |
| | എന്റെ പിറന്നാൾ പുസ്തകം | മേഖല - വായന. | |
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാകുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ജൂൺ - മാർച്ച്. | |
| | ഉച്ചഭാഷിണി വായന. | മേഖല - വായന. | |
| നന്നായി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരുദിനം ഒരു കുട്ടിയുടെ വായന. | June. March. | Teacher. |
| | അക്ഷരക്കൂട്ടം (വായനാ കോർണർ) | | |
| മികച്ച വായനാശീലം വളർത്തുക. റിസോഴ്സ് തിരയൽ. | ഒഴിവുസമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ്സ് മുറിയിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. ക്ലാസ്സ്‌റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | June. March. | Class Tr. |
| | ക്ലാസ്സ്‌തല കയ്യെഴുത്ത് മാഗസിൻ. | | |
| ആശയങ്ങൾ വിനിമയത്തിന് ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടൽ. | ഓരോ മാസത്തിലെയും പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സ്‌തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | എല്ലാ മാസവും. | ക്ലാസ്സ് ടീച്ചർ. |

Scanned with CamScanner

## ഇംഗ്ലീഷ്.

പ്രവർത്തനം - 1 ഇംഗ്ലീഷ് അസംബ്ലി.
ഉപമേഖല: പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് ക്ലബ്ബ്. |

പ്രവർത്തനം - 2
പേര്: ഇംഗ്ലീഷ് ഡയറി (ക്ലാ. III, IV)
ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | എല്ലാദിവസവും. | ഇംഗ്ലീഷ് - അധ്യാപിക. |

പ്രവർത്തനം. 3
പേര്: ഇംഗ്ലീഷ് ന്യൂസ് ലെറ്റർ (ക്ലാ. III, IV)
ഉപമേഖല: ലേഖനം.

| ലക്ഷ്യം | | | |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്കവസരമൊരുക്കുക. | ഓരോ മാസവും ഓരോ വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ന്യൂസ് ലെറ്റർ ഒരുക്കുക.<br>ജൂൺ - പരിസ്ഥിതി.<br>ജൂലായ് - ചാന്ദ്രദിനം.<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം.<br>സെപ്തംബർ - ഓണം.<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം.<br>ഡിസംബർ - ക്രിസ്തുമസ്.<br>ജനുവരി - ന്യൂ ഇയർ. | ഓരോ മാസവും. | ക്ലാസ്സ് ടീച്ചർ. |

Scanned with CamScanner

# പരിസരപഠനം.

## പ്രവർത്തനം - 1

പേര്. ശാസ്ത്രപഠനോപകരണ ശില്പശാല.

ഉപമേഖല : ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും. | ക്ലാസ് - ടീച്ചർ. |

## പ്രവർത്തനം - 2

പേര് : എന്റെ പരീക്ഷണം.

ഉപമേഖല : ശാസ്ത്രാവബോധം വളർത്തൽ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ ചെയ്യപ്പെടുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന രീതിയിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | എല്ലാമാസത്തിലും | ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | പ്രവർത്തനം. 3 പരീക്ഷണക്കിറ്റ്. ഉപമേഖല നിരീക്ഷണപ്രവർത്തനങ്ങൾ. മുഴുവൻ കുട്ടികൾക്കും (3, 4) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ. | ജൂൺ - മാർച്ച്. | ക്ലാസ്ടീച്ചർ. |

Scanned with CamScanner

പ്രവർത്തനം. 4.

പേര്: പരീക്ഷണോത്സവം.

ഉപമേഖല: ശാസ്ത്രാന്വേഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താൽപര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർഥമാക്കുന്നതും കുട്ടികൾ അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം വെക്കുന്നത്. | ഡിസംബറിൽ | ക്ലാസ്സ് ടീച്ചർ. ശാസ്ത്രക്ലബ്ബ് |

## Work experience.

പ്രവർത്തനം: 1

പേര്: പ്രവൃത്തി പരിചയ ശിൽപശാല.

ഉപമേഖല: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല. |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം - കളിമണ്ണുകൊണ്ടോ മൈദാമാവു കൊണ്ടോ രൂപങ്ങൾ ഉണ്ടാക്കൽ. | ഒക്ടോബർ. | ക്ലാസ്സ് - ടീച്ചർ. |

പ്രവർത്തനം. 2

പേര്: പേപ്പർ ബാഗ് നിർമ്മാണം, ഒറിഗാമി,

ഉപമേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്, കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം. ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കൽ. | June - March | റിസോഴ്സ് പേഴ്സൺ. |

Scanned with CamScanner

## സർഗവേദി.

പ്രവർത്തനം: 1
പേര്: സർഗവേദി.
ഉപമേഖല: പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിലൊരിക്കൽ എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും അവസാന പീരിയഡ്. | ക്ലാസ്സ് ടീച്ചർ SRG. |

പ്രവർത്തനം: 2
പേര്: ടാലന്റ് ലാബുകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല. |
|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി. | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ്, പെയിന്റിംഗ്, മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | എല്ലാ - മാസത്തിലും. | SRG. PTA. |

## ആരോഗ്യ കായിക വിദ്യാഭ്യാസം.

പ്രവർത്തനം.. 1
പേര്: കായികാരോഗ്യം.
ഉപമേഖല: എയറോബിക്സ് എക്സർസൈസ് പരിശീലനം.
സൂംബ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എന്ത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സൂംബ പരിശീലനം. | ജൂൺ - മാർച്ച് | CT |

Scanned with CamScanner